**Bishop Stephen Chirappanath**

*Apostolic Visitator*
*for*
*The Syro-Malabar Faithful in Europe*

DOMUS MAR THOMA
Via degli Estensi, 137
00164 ROMA – ITALIA

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരെ,

'എല്ലാ ജനതകൾക്കുമിടയിൽ പ്രത്യാശയുടെ മിഷനറിമാർ' (Missionaries of hope among all peoples) എന്ന മുഖ്യ പ്രമേയത്തോടെ ഈ വർഷത്തെ മിഷൻ ഞായർ 2025 ഒക്ടോബർ 19 ന് നാം ആഘോഷിക്കുകയാണ്. പ്രതിക്ഷകൾ വെല്ലുവിളികൾ നേരിടുന്ന ഇടങ്ങളിൽ പ്രത്യാശയുടെ പ്രവാചകർ ആകാനുള്ള പ്രചോദനമാണ് 'പ്രത്യാശയുടെ തീർത്ഥാടകർ' എന്ന മുഖ്യ പ്രമേയത്തോടെ ആഗോള കത്തോലിക്ക സഭ ജൂബിലി ആഘോഷിക്കുന്ന ഈ വർഷത്തെ മിഷൻ ഞായറിൽ സഭ ലോകത്തിന് മുന്നിൽ വയ്ക്കുന്നത്. യുദ്ധങ്ങളാലും അക്രമങ്ങളാലും അനീതിയാലും മുറിവേറ്റ ഇന്നത്തെ ലോകത്തിന്, ദൈവസ്നേഹത്തെകുറിച്ചുള്ള സുവിശേഷസന്ദേശം ലഭ്യമാകേണ്ടതുണ്ടെന്നും സഭയുടെ നവീകരണത്തിന് അപ്പസ്തോലിക തീക്ഷ്ണത പകരുകയെന്നത് പ്രധാനപ്പെട്ടതാണെന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് ഓർമ്മിപ്പിക്കുന്നുണ്ടെന്നും എടുത്തുപറഞ്ഞുകൊണ്ട് പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളുടെ ദേശീയ അദ്ധ്യക്ഷന്മാർക്ക് നൽകിയ കൂടിക്കാഴ്ചയിൽ ഫ്രാൻസിസ് പാപ്പ തിരഞ്ഞെടുത്ത മിഷൻ ഞായർ പ്രമേയത്തോട് ചേർന്ന് ഈ വർഷത്തെ മിഷൻ ഞായർ കൊണ്ടാടാൻ പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ മാർപാപ്പ ഓർമിപ്പിക്കുന്നു.

സുവിശേഷവൽകരണത്തിൽ ക്രിയാത്മകമായി ഭാഗഭാക്കുകളാകാനും, പ്രേഷിത പ്രവർത്തനങ്ങളിൽ പ്രത്യക്ഷമായും പരോക്ഷമായും പങ്കാളികളാകാനും പ്രേഷിത മേഖലകൾക്കു വേണ്ടി പ്രാർത്ഥിക്കാനും, പ്രേഷിതപ്രവർത്തനങ്ങളെ കഴിയും വിധം പിന്തുണക്കാനും, സഭയുടെ സ്നേഹത്തിന്റെയും കരുതലിൻറെയും കരുണയുടെയും തലങ്ങൾ നിരന്തരമായി പ്രകടമാക്കനുമുള്ള അവസരമാണ് ഓരോ മിഷൻ ഞായറും എന്ന് നമുക്കറിയാമല്ലോ.

മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയും ഈ മിഷൻ ദൗത്യത്തിൽ പങ്കുകാരാകണമെന്നതാണ് സഭാമാതാവിന്റെ ആഗ്രഹം. "അതുകൊണ്ടു നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യന്മാരാക്കുക; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാപനം ചെയ്യുകയും ഞാൻ നിങ്ങളോട് ആജ്ഞാപിച്ചതെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുകയും വേണം. ഞാൻ യുഗാന്ത്യത്തോളം എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. (മത്താ 28:19-20)." സീറോ മലബാർ അപ്പസ്തോലിക്ക് വിസിറ്റേഷന്റെ അംഗങ്ങളായ നമുക്കും കത്തോലിക്കാസഭാ മക്കളായി ഈ ആഹ്വാനത്തെ നെഞ്ചിലേറ്റാം.

ക്രിസ്തുവിന്റെ സ്നേഹം ജീവിക്കുന്നതിൽ പാവപ്പെട്ടവരോടുള്ള സ്നേഹത്തിന് മുഖ്യമായ ഒരു സ്ഥാനമുണ്ടെന്നും പാവപ്പെട്ടവരെ കൈപിടിച്ചുയർത്തുകയും അവരെ ഉദ്ബോധിപ്പിക്കുകയും ചെയ്യേണ്ടത് മറ്റുള്ളവർക്ക് ചെയ്യുന്ന ഒരു ഉപകാരമല്ല, മറിച്ച്, നമ്മുടെ കടമയാണെന്നും വിശ്വാസവും പരസ്പര സ്നേഹവും സംബന്ധിച്ച ലിയോ പതിനാലാമൻ പാപ്പായുടെ ആദ്യ അപ്പസ്തോലിക പ്രബോധനമായ 'ദിലേക്സി തേ'യിൽ ഓർമിപ്പിക്കുന്നുണ്ട്. 'പാവപ്പെട്ടവരാൽ സുവിശേഷവത്കരിക്കപ്പെടാനായി നമ്മെത്തന്നെ വിട്ടുകൊടുക്കേണ്ടതിന്റെ' ആവശ്യം എടുത്തുപറയുന്ന പാപ്പാ, പാവപ്പെട്ടവർ 'സമൂഹത്തിലെ ഒരു പ്രശ്നമല്ല' മറിച്ച് 'സഭയുടെ കേന്ദ്ര'മാണെന്നും അവരുടെ വേദനിക്കുന്ന ജീവിതങ്ങളെ സ്പർശിക്കുന്നതിനായി നാം ദാനധർമ്മം നൽകേണ്ടതുണ്ടെന്നും, നമ്മുടെ വിശ്വാസവും പാവപ്പെട്ടവരോടുള്ള പരിഗണനയും തമ്മിൽ വേർപെടുത്താനാകാത്ത ഒരു ബന്ധമുണ്ടെന്നും അപ്പസ്തോലിക പ്രബോധനത്തിൽ ഓർമ്മിപ്പിക്കുന്നു. സാർവത്രിക സാഹോദര്യത്തോടുള്ള പ്രതിബദ്ധത, ദരിദ്രരോടുള്ള ശ്രദ്ധ, സൃഷ്ടിയോടുള്ള കരുതൽ എന്നിവ നമ്മുടെയും പ്രതിബദ്ധതയാണല്ലോ. 'ദാനമായി നിങ്ങള്ക്ക് കിട്ടി, ദാനമായിത്തന്നെ കൊടുക്കുവിൻ' (മത്താ 10:8), എന്ന വചനം നമുക്ക് പ്രവർത്തികമാക്കാം.

E-mail: apvisitsmfeurope@gmail.com • stephenchirapanath@gmail.com
Tel. & fax: 06 4820028

**Bishop Stephen Chirappanath**

*Apostolic Visitator*
*for*
*The Syro-Malabar Faithful in Europe*

DOMUS MAR THOMA
Via degli Estensi, 137
00164 ROMA – ITALIA

ലോക സുവിശേഷവത്കരണത്തിനും, പാവപെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനും, സെമിനാരി പരിശീലനത്തിനും, വൈദികരെയും, സന്യസ്തരേയും, അജപാലക നേതാക്കളേയും കൂടുതൽ ആഴത്തിൽ സുവിശേഷവത്കരണം നടത്തുവാൻ പ്രാപ്തരാക്കുന്നതിനും പ്രയത്നിക്കുന്ന പൊന്തിഫിക്കൽ സൊസൈറ്റികളുടെ പ്രവർത്തനങ്ങളോട് പങ്കുചേർന്ന് പ്രവർത്തിക്കാനുള്ള വലിയൊരു അവസരമാണ് ഈ മിഷൻ ഞായർ.

വിദേശ മിഷൻ പ്രവർത്തനങ്ങൾക്കും യൂറോപ്പിലെ സീറോമലബാർ സഭയുടെ വളർച്ചക്കും ഒരിക്കൽ ഇന്ത്യയിൽ നിന്നും മിഷൻ ഞായർ സംഭാവനകൾ ശേഖരിച്ചയച്ചത് നാം ഓർക്കുന്നുണ്ടാവും. 'അഖിലേന്ത്യാ അധികാരപരിധി (All India jurisdiction)' യുള്ള നമ്മുടെ സഭക്ക് കേരളത്തിന് പുറത്ത് മിഷൻ പ്രവർത്തനങ്ങൾക്ക് പലതലങ്ങളിൽ ഇന്ന് വെല്ലുവിളികൾ നേരിടുന്നുണ്ട്. അതിൽ പ്രധാനപെട്ടതാണ് സാമ്പത്തിക മേഖല. മിഷൻ ഞായറുകളിൽ എന്നും സജീവമായി പങ്കുചേരുന്ന നമുക്ക് സാമ്പത്തികമായി വെല്ലുവിളികൾ നേരിടുന്ന ഇന്ത്യയിലെ സഹോദരങ്ങളെയും സഭയെയും ചേർത്ത് പിടിയ്ക്കാനുള്ള ഒരവസരം കൂടെയാണ് ഈ മിഷൻ ഞായർ. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ കൈപിടിച്ചുയർത്താൻ, ആരോഗ്യ വിദ്യാഭ്യാസമേഖലകിൽ കാരുണ്യത്തിൻറെ കനിവാകാൻ, ചെറിയ തലങ്ങളിൽ എങ്കിലും പ്രാർത്ഥനാലയങ്ങൾ ഒരുക്കാൻ ഉത്തരേന്ത്യയിൽ നമ്മുടെ സംഭാവനകൾ അനിവാര്യമാണ്.

പലതലങ്ങളിലായി, പ്രത്യേക സംഭാവനകൾ, സൂക്ഷിച്ചു വച്ചിട്ടുള്ള ദശാംശങ്ങൾ, നാട്ടിൽ നമ്മൾ ചെയ്യാറുള്ള വിളവെടുപ്പ് സംഭാവനകൾ, ഉത്പന്ന - സാമഗ്രഹികളുടെ ലേലം വിളികൾ, ക്രിയാത്മകമായ മറ്റു സംരംഭങ്ങൾ എന്നിവയിലൂടെ നമ്മുടെ ഇടവകകളിലും യൂണിറ്റുകളിലും നിന്ന് നമ്മളാൽ ആവും വിധം കാരുണ്യത്തിന്റെ കരുതൽ ഒരുക്കാം. വിധവയുടെ ചില്ലിക്കാശിനു വിലകണ്ട തമ്പുരാൻ നമ്മുടെ മനോഭാവങ്ങളിലും കൃപയൊരുക്കാൻ കൂടെയുണ്ട്. ക്രിസ്ത്യാനികളുടെ സഹായമായ പരിശുദ്ധ മാതാവിന്റെ മാദ്ധ്യസ്ഥം ഈ ഒക്ടോബർ മാസത്തിൽ നമ്മുടെ എല്ലാ നന്മപ്രവർത്തികൾക്കൊപ്പവും ഉണ്ടാവട്ടെ. കാരുണ്യവാനായ ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനകളോടെ,

+ S. Chirappanath

സ്റ്റീഫൻ ചിറപ്പണത്ത് പിതാവ്.
Rome,12/10/2025.

E-mail: apvisitsmfeurope@gmail.com • stephenchirapanath@gmail.com
Tel. & fax: 06 4820028